"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - ഭവന നിർമ്മാണം - ലൈഫ് ഗുണഭോക്താവായ ശ്രീമതി ഷൈലജയ്ക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായത്തിന്റെ തുടർന്നുള്ള ഗഡുക്കൾ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt)No.1568/2019/LSGD തീയതി,തിരുവനന്തപുരം, 24/07/2019

---

പരാമർശം:- 1 മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.05.2019 ലെ കത്ത് (CC - 302/19 - SRG 475/19).

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.2019 തീയതിയിലെ തീരുമാനം നമ്പർ 4.6.

ഉത്തരവ്

ലൈഫ് ഭവന പദ്ധതി ഗുണഭോക്താവായ ശ്രീമതി ഷൈലജ വീതനശ്ശേരി എന്നവർക്ക് ലൈഫ് ഭവന നിർമ്മാണ ധനസഹായമായി ഒന്നാം ഗഡുവായ 40000/- രൂപ അനുവദിക്കുകയും പിന്നീട് ഇവരുടെ ഭർത്താവായ ശശീന്ദ്രന്റെ പേരിൽ രണ്ട് നാല് ചക്ര വാഹനങ്ങൾ ഉണ്ട് എന്ന് കണ്ടെത്തിയതിനാൽ കൈപ്പറ്റിയ തുക തിരിച്ചടക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നോട്ടീസ് നൽകിയിരുന്നു. ടിയാരിയുടെ ഭർത്താവ് ഒരു കിഡ്നി രോഗിയാണെന്നും ആഴ്ചയിൽ 3 തവണ ഡയാലിസിസ് നടത്തുന്നുണ്ടെന്നും ഒരു വാഹനം ഇവരുടെ ഉപജീവന മാർഗ്ഗമായ ചായപ്പൊടി കച്ചവടത്തിന് ഉപയോഗിക്കുന്നതാണെന്നും ഈ വാഹനം ഇവരുടെ ഭർത്താവിന്റെ ചികിത്സാ സഹായ നിധി ധനസമാഹരണ കമ്മിറ്റി സ്വരൂപിച്ച തുക ഉപയോഗിച്ച് വാങ്ങി നൽകിയതാണെന്നും രണ്ടാമത്തെ വാഹനം മുമ്പ് ഇവരുടെ പേരിലുള്ളതായിരുന്നതും വിറ്റു പോയതുമാണെന്നും വാഹനത്തിന്റെ ഉടമസ്ഥാവകാശം ഫൈനാൻസ് ലോൺ സംബന്ധമായ സാങ്കേതിക കാരണങ്ങളാൽ മാറ്റാൻ സാധിക്കാത്തതാണെന്നും ഇപ്പോൾ അത് മാറ്റിയിട്ടുണ്ടെന്നും നിലവിൽ ഉപജീവന മാർഗ്ഗമായ ചായപ്പൊടി കച്ചവടത്തിന് ഉപയോഗിക്കുന്നതും ചികിത്സാ ധനസഹായ കമ്മിറ്റി വാങ്ങി നൽകിയതുമായ ഒരു വാഹനം മാത്രമേ ഉള്ളുവെന്നും മാനുഷിക പരിഗണന വെച്ച് അടുത്ത ഗഡുക്കൾ കൂടി നൽകി ഭവന നിർമ്മാണം പൂർത്തിയാകുന്നതിന്

സഹായിക്കണമെന്നുള്ള ശ്രീമതി ഷൈലജയുടെ അപേക്ഷ പഞ്ചായത്ത് ഭരണ സമിതി യോഗം ചർച്ച ചെയ്യുകയും ശ്രീമതി ഷൈലജയുടെ ആവശ്യങ്ങൾ ന്യായമാണെന്ന് വിലയിരുത്തിയ ഭരണ സമിതി മാനുഷിക പരിഗണന വെച്ച് തുടർന്നുള്ള ഗഡുക്കൾ നൽകുന്നതിന് അനുമതിക്കായി ജില്ലാ പ്ലാനിംഗ് ഓഫീസർ മുഖാന്തിരം കേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ – ഓർഡിനേഷൻ സമിതി മുമ്പാകെ പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. ഇക്കാര്യം 20.06.2019 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതകോ – ഓർഡിനേഷൻ സമിതി പരിശോധിച്ചു. ടി കമ്മിറ്റിയുടെ പരാമർശം (2)ലെ തീരുമാന പ്രകാരം മേൽ പരാമർശങ്ങൾ ശരിയാണെന്ന് അമരമ്പലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തണമെന്ന നിബന്ധനയോടെ ശ്രീമതി ഷൈലജയ്ക്ക് ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള തുടർന്നുള്ള ഗഡുക്കൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

<u>പകർപ്പ്</u>

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം

ശ്രീമതി ഷൈലജ, (മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസർ മുഖാന്തിരം).

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

File No.LSGD-DB1/265/2019-LSGD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്